**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6682** **11-11-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികൾക്കായി ബോണ്ട് അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ കുട്ടികൾക്കായി ബോണ്ട് അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ടോ; ഇത്തരത്തിൽ ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിനായി സ്കൂൾ അധികാരികളാണോ കെ.എസ്.ആർ.ടി.സി. യുമായി ബന്ധപ്പെടേണ്ടത്; വിശദമാക്കുമോ; | (എ) | സ്കൂൾ കുട്ടികൾക്കായി ബോണ്ട് അടിസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നതിന് പദ്ധതി തയ്യാറാക്കി നൽകിയിട്ടുണ്ട്. ആയത് പ്രകാരം കണ്ണൂർ യൂണിറ്റിൽ നിന്നും കടമ്പൂർ ഹയർ സെക്കന്ഡറി സ്കൂളിന്റെ ആവശ്യപ്രകാരം 4 ബോണ്ട് സർവ്വീസുകൾ ഇപ്പോൾ നടത്തി വരുന്നു. നിലവിലെ ബസ് ഓൺ ഡിമാന്റ് (BOND) സർവ്വീസിന്റെ മാതൃകയിലാണ് ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ആവശ്യകതയനുസരിച്ച് ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ട്രിപ്പുകളുടെ ദൂരം, ആവശ്യമായ ദിവസങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രത്യേക നിരക്ക് നിശ്ചയിച്ച് സ്കൂൾ അധികാരികൾ തൊട്ടടുത്തുള്ള കെ.എസ്.ആർ.ടി.സി ഡിപ്പോയുമായി ധാരണ ഉണ്ടാക്കിയാണ് ബസ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഒരു മാസത്തെ തുക മുൻകൂർ അടയ്ക്കുന്ന സ്കൂളുകൾക്ക് നിശ്ചയിച്ച ദൈനംദിന ബോണ്ട് ചാർജ്ജിന്റെ ടിക്കറ്റ് നൽകിയാണ് സ്കൂൾ ബോണ്ട് സർവ്വീസുകൾ നടത്തുന്നത്. 40 സീറ്റുകൾ കണക്കാക്കി ടി സർവ്വീസിൽ കയറുന്ന കുട്ടികളുടെ എണ്ണം സ്കൂളുകളാണ് നിശ്ചയിക്കുക. ബസ്സിൽ ഡ്രൈവറും കണ്ടക്ടറും ഉണ്ടായിരിക്കും. |
| (ബി) | രക്ഷിതാക്കൾ നേരിട്ട് കെ.എസ്.ആർ.ടി.സി. യുമായി കരാറുണ്ടാക്കി സർവ്വീസ് നടത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | രക്ഷിതാക്കൾ നേരിട്ട് കെ.എസ്.ആർ.ടി.സി.യുമായി കരാറുണ്ടാക്കി സർവ്വീസ് നടത്തണമെന്ന നിർദ്ദേശം നൽകിയിട്ടില്ല. സ്കൂളുകൾ അവരുടെ സ്കൂൾ ബസ്സിന് പകരം കുട്ടികളെ കൊണ്ടുപോകുന്നതിന് ഒരുക്കുന്ന സംവിധാനമായതിനാൽ സ്കൂളിന്റെ ആവശ്യ പ്രകാരവും, ബാദ്ധ്യതയില്ലമാണ് കെ.എസ്.ആർ.ടി.സി സ്കൂളുകൾക്കായി പ്രത്യേകമായി കുറഞ്ഞ നിരക്കിൽ ദൂരത്തിന് ആനുപാതികമായി സ്കൂൾ, കോളേജ് ബോണ്ട് സർവ്വീസുകൾ നൽകുന്നത്. |

സെക്ഷൻ ഓഫീസർ